# പതിമൂന്നാം കേരളനിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹനമിട്ട
ചോദ്യം നമ്പർ : 427 — 27. 06. 2014 - ലെ മറുപടിയ്ക്ക്

### പ്രോജക്ട് ഫിനാൻസിംഗ് സെല്ലിന്റെ പ്രവർത്തനം

| ചോദ്യം. | ഉത്തരം |
|---|---|
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>" എളമരം കരീം<br>" എസ്.രാജേന്ദ്രൻ<br>ശ്രീമതി.പി.അയിഷാ പോറ്റി | ശ്രീ.കെ.സി. ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി). |
| (എ) സംസ്ഥാനത്ത് നടപ്പിലാക്കുന്ന പദ്ധതികൾക്ക് ബജറ്റ് ഇതര സ്രോതസ്സുകളിൽ നിന്ന് വിഹിതം സമാഹരിക്കുന്നതിനായി പ്ലാനിംഗ് ബോർഡിൽ രൂപീകരിച്ച പ്രോജക്ട് ഫിനാൻസിംഗ് സെല്ലിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) പ്രസ്തുത സെല്ലിന്റെ പ്രവർത്തനം വഴി ഏതെങ്കിലും സ്രോതസ്സുകളിലൂടെ എന്തെങ്കിലും വിഹിതം നേടിയെടുക്കാനായിട്ടുണ്ടോ; | (ബി) പ്രോജക്ട് നിർദ്ദേശങ്ങളിന്മേൽ ബജറ്റ് ഇതര ധന സ്രോതസ്സുകളുടെ സാദ്ധ്യതകൾ സംബന്ധിച്ച് പ്രോജക്ട് ഫിനാൻസിംഗ് സെൽ വിവിധ വകുപ്പുകൾക്കും ഏജൻസികൾക്കും മാർഗ്ഗ നിർദ്ദേശങ്ങൾ നൽകാറുണ്ട്. അപ്രകാരമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പരിഗണിച്ച് ധനലഭ്യത നേടിയെടുക്കേണ്ടതും പദ്ധതികൾ നടപ്പാക്കേണ്ടതും അതതു സർക്കാർ വകുപ്പുകളും ഏജൻസികളുമാണ്. |

| | |
|---|---|
| (സി) ഇതിനായി ഏതെല്ലാം പ്രോജക്ടുകൾക്ക് സാങ്കേതിക സഹായം നൽകുകയുണ്ടായെന്ന് വിശദമാക്കാമോ; ഇതിൽ നടപ്പിലായ പ്രോജക്ടുകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (സി) തുറമുഖം, വ്യോമ ഗതാഗതം, ഊർജ്ജം, റെയിൽവേ, ഉപരിതല ഗതാഗതം, ഖരമാലിന്യ നിർമ്മാർജ്ജനം, നഗര അടിസ്ഥാന സൗകര്യങ്ങൾ ഉൾപ്പെടെ വിവിധ മേഖലകളിലെ താഴെപ്പറയുന്ന പ്രോജക്ടുകൾക്ക് പ്രോജക്ട് ഫിനാൻസിംഗ് സെൽ സാങ്കേതിക സഹായം നൽകിയിട്ടുണ്ട്<br>വിഴിഞ്ഞം തുറമുഖ പദ്ധതി; അഴീക്കൽ, ആലപ്പുഴ എന്നീ പോർട്ടുകളുടെ വികസനം; ഇന്റർ മോഡൽ കണ്ടെയിനർ നിർമ്മാണ യൂണിറ്റ്; തലശ്ശേരി മറീന; അഴീക്കൽ, ആലപ്പുഴ എന്നിവിടങ്ങളിൽ ഡ്രൈഡോക്ക് സംവിധാനം; കൊച്ചിയിലെ ബങ്കറിംഗ് യൂണിറ്റ്; മോണോ റെയിൽ; സബർബൻ റെയിൽവേ; വൈറ്റില മൊബിലിറ്റി ഹബ്ബ്; കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളം; നോളജ് സിറ്റി തിരുവനന്തപുരം; ബൾക്ക് സിമന്റ് ഹാന്റലിംഗ് യൂണിറ്റ് കൊച്ചി; സ്റ്റേറ്റ് റോഡ് ഇംപ്രൂവ്മെന്റ് പ്രോജക്ട്; പൊന്നാനി തുറമുഖത്ത് കെട്ടിട നിർമ്മാണ ഗ്രേഡിലുള്ള മണൽ ഉത്പാദനം; ക്രൂയിസ് വെസൽ വാങ്ങൽ; പേഴ്സണൽ റാപ്പിഡ് ട്രാൻസിറ്റ് തിരുവനന്തപുരം; ഷോപ്പിങ്ങ് കോംപ്ലക്സ് മണപ്പാട്ടിപറമ്പ് കൊച്ചി; ഗ്ലോബൽ ആയുർവേദ വില്ലേജ്; പായിപ്പാട് ഗ്രാമപഞ്ചായത്ത് മത്സ്യ മാർക്കറ്റ്; ബ്രഹ്മപുരം, കോഴിക്കോട്, കണ്ണൂർ, ചാല എന്നിവിടങ്ങളിലെ ഖരമാലിന്യ |

| | | |
|---|---|---|
| | | സംസ്കരണ പ്രോജക്ടുകൾ എന്നിവ ഉൾപ്പെടെ വിവിധങ്ങളായ പ്രോജക്ടുകൾക്ക് പ്രോജക്ട് ഫിനാൻസിംഗ് സെൽ വിലയിരുത്തൽ നടത്തി നിർദ്ദേശങ്ങളും സാങ്കേതിക സഹായങ്ങളും നൽകിയിട്ടുണ്ട്. ഇത് കൂടാതെ കേന്ദ്രാവിഷ്കൃത പദ്ധതിയായ ഇന്ത്യാ ഇൻഫ്രാസ്ട്രക്ചർ പ്രോജക്ട് ഡെവലപ്പ്മെന്റ് ഫണ്ട് (ഐ.ഐ.പി.ഡി.എഫ്) മുഖേന പ്രോജക്ട് വികസിപ്പിക്കുന്നതിനുള്ള ധന സഹായം ലഭ്യമാക്കുന്നതിനായി കൃഷി, നഗര കാര്യം, ആരോഗ്യം, ഊർജ്ജം എന്നീ മേഖലകളുമായി ബന്ധപ്പെട്ട് അഞ്ച് പ്രോജക്ടുകൾ കണ്ടെത്തുകയും തുടർ നടപടികൾക്കായി ബന്ധപ്പെട്ട വകുപ്പുകൾക്ക് അയച്ചുകൊടുക്കുകയും ചെയ്തിട്ടുണ്ട്. |
| (ഡി) | പ്രസ്തുത സെല്ലിന്റെ പ്രവർത്തനങ്ങൾക്കായി നാളിതുവരെ എന്തു തുക ഖജനാവിൽ നിന്നും ചെലവഴിച്ചെന്ന് വ്യക്തമാക്കുമോ? | (ഡി) 2012-13 വർഷത്തിൽ 18,98,499/- രൂപയും 2013-14 വർഷത്തിൽ 71,61,808/- രൂപയും 2014-15 വർഷത്തിൽ (മെയ് മാസം 31 വരെ) 10,43,000/- രൂപയും ഉൾപ്പെടെ ആകെ 1,01,03,307/- രൂപ (ഒരു കോടി ഒരു ലക്ഷത്തി മൂവായിരത്തി മുന്നൂറ്റി ഏഴ് രൂപ) സെല്ലിന്റെ പ്രവർത്തനങ്ങൾക്കായി നാളിതുവരെ ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ